# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **1490**. **06-03-2017 ൽ മറുപടിയ്ക്ക്**

## ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് കൃഷി

**ചോദ്യം**

ഡോ.എം. കെ. മുനീർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് കൃഷി ഇറക്കുന്നത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലത്തെന്നു വെളിപ്പെടുത്താമോ; | (എ) | വർഷങ്ങളായി തരിശായി കിടന്ന ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി പുനരാരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടം എന്ന നിലയിൽ 56 ഹെക്ടറിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, ഇതേവരെ 101 ഹെക്ടറിൽ കൃഷി ഇറക്കിയിട്ടുണ്ട്. വിളവെടുപ്പ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കൃഷി ഇറക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭഘട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ; | (ബി) | ആറന്മുള പ്രദേശത്തെ പുന്നയ്ക്കാട്, കാഞ്ഞിരവേലി, ആറന്മുള, നീർവിളാകം പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും തോടുകൾ വൃത്തിയാക്കി നിലം ഒരുക്കി വിത പൂർത്തിയാക്കുകയും ചെയ്തു. പാടശേഖരങ്ങളിലെ ജല നിയന്ത്രണത്തിനായി വൈദ്യുതി കണക്ഷനുകളും സജ്ജമാക്കിയിട്ടുണ്ട്. 2016 നവംബർ ആദ്യം വിത പൂർത്തിയാക്കിയ 10 ഹെക്ടർ പാടശേഖരങ്ങളിൽ 20/02/2017-ൽ വിളവെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിന്ന് ലഭിച്ച നെല്ല് "ആറന്മുള നെല്ല്" എന്ന ബ്രാന്റിൽ വിപണനം നടത്തുവാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത സ്ഥലത്ത് നിന്ന് എത്ര അളവിൽ നെല്ലാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഉമ, ചുവന്ന ത്രിവേണി നെല്ലിനങ്ങളാണ് ആറന്മുള പാടശേഖരങ്ങളിൽ കൃഷി ചെയ്തിട്ടുള്ളത്. ഹെക്ടറിന് 5 ടണ്ണിന് മുകളിൽ വിളവ് ലഭിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ